**"ഭരണഭാഷ- മാതൃഭാഷ"**

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - സഹകരണബാങ്കകളിൽ നിന്നും സർക്കാർ ഏറ്റെടുത്ത ഭവനശ്രീ വായ്പാ സെറ്റിൽമെന്റ് - "2515-00-102-38 (NP) " ശീർഷകത്തിൽ 4,49,39,000/-രൂപ കുടുംബശ്രീയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.474/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/02/2021

---

പരാമർശം:- 1 31.05.202014-ലെ സ.ഉ(എം.എസ്) നം.96/2014/തസ്വഭവ

2 25.10.2017-ലെ സ.ഉ(സാധാ) നം.3392/2017/തസ്വഭവ

3 12.12.2017-ലെ സ.ഉ(എം.എസ്) നം.249/2017/തസ്വഭവ

4 04.11.2019-ലെ സ.ഉ(സാധാ) നം.2450/2019/തസ്വഭവ

5 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.11.2019-ലെ 4468/സി/കെഎസ്.എച്ച്.ഒ/2010 നമ്പർ കത്ത്.

6 23.01.2021-ലെ സ.ഉ(സാധാ) നം.614/2021/ധന

<u>ഉത്തരവ്</u>

സഹകരണ ബാങ്കകളിൽ നിന്നും കുടുംബശ്രീ എടുത്തിട്ടുള്ള ഭവനശ്രീ വായ്പകൾ പരാമർശം (1) പ്രകാരം സർക്കാർ ഏറ്റെടുക്കുകയും പരാമർശം (2), (3) പ്രകാരം വായ്പയുടെ ഒന്നും രണ്ടും ഗഡുക്കൾ ബാങ്കകൾക്ക് നൽകുന്നതിനായി കുടുംബശ്രീയ്ക്ക് അനുവദിക്കുകയും, പരാമർശം(4) പ്രകാരം ഭവനശ്രീ വായ്പയുടെ മൂന്ന്, നാല്, അഞ്ച്,ആറ് ഗഡുക്കൾ അനുവദിക്കുന്നതിനായി ഭരണാനുമതി ഉത്തരവും പുറപ്പെടുവിച്ചിരുന്നു. സഹകരണ ബാങ്കുകളുടെ ഭവനശ്രീ വായ്പാ തിരിച്ചടവ് പൂർത്തിയാക്കുന്നതിനായി 2515-00--102-38 (NP) എന്ന ശീർഷത്തിൽ മതിയായ തുക ലഭ്യമല്ലാത്തതിനാൽ അധിക ധനാനുമതി/റീ-അപ്രോപ്രിയേഷൻ മുഖേന തുക ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം(5) കത്തു പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സഹകരണ ബാങ്കുകളിൽ നിന്നും കുടുംബശ്രീ ഏറ്റെടുത്തിട്ടുള്ള ഭവനശ്രീ വായ്പയുടെ മൂന്ന്, നാല്, അഞ്ച്, ആറ് ഗഡുക്കളുടെ തിരിച്ചടവിനായി 4,49,39,000/-രൂപ (നാല് കോടി നാല്പത്തി ഒൻപത് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരം രൂപ മാത്രം) "2515-00-102-38-NP" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും കുടുംബശ്രീയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**യു വി ജോസ് ഐ എ എസ്**

**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം

ജില്ലാ ട്രഷറി, തിരുവനന്തപുരം

രജിസ്ട്രാർ, സഹകരണസംഘം

ധനകാര്യ വകുപ്പ്(ഡെവ.2/86/17/ധന.2.2.2021 പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ